# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2593

9.7.2015 – ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ ആഭ്യന്തര വിപണി

| ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>'' കെ.മുരളിധരൻ<br>'' സണ്ണി ജോസഫ്<br>'' ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ; | എ) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറുമുകൾ ഉൾപ്പെടെ ഷോറും വിൽപ്പന ശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും ഒരു വീട്ടിൽ ഒരു കയറുൽപന്നം പോലുള്ള പരസ്യങ്ങൾ നൽകിയും വൈവിദ്ധ്യ വൽക്കരണത്തിലൂടെ പുതിയ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുകയാണ്. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് പ്രകൃതിദത്ത നാരുകളായ കയർ, ചണം, സൈസൽ തുടങ്ങിയവയിൽ നിന്ന് ഫ്ളോർ മാറ്റുകൾ, മാറ്റിംഗുകൾ, റഗ്ഗുകൾ, കാർപറ്റുകൾ, കയർ ടൈലുകൾ തുടങ്ങിയവ നിർമ്മിച്ച് വിതരണം നടത്തുകയും ജൈവവളം,ചെരുപ്പ്, കയർ മെത്തകൾ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ |

| | |
|---|---|
| | ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് വികസിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ച് കനാലുകൾ, തോടുകൾ എന്നിവ ബലപ്പെടുത്തുന്ന നിരവധി പ്രൊജക്ടുകളും ചെയ്യുന്നു. കയർ പൊതു മേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് വേണ്ടി എൻ.സി.ആർ.എം.ഐ യിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടു ണ്ട്. |
| ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയർ ഉൽപ്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്. | ബി) എക്സിബിഷനുകളിൽ പങ്കെടുക്കുന്ന കയർ മേഖലയിലെ ഉൽപ്പാദകർക്ക് സൗജന്യ നിരക്കിലോ സബ്സിഡി നിരക്കിലോ സ്റ്റാളുകൾ നൽകുന്നു. ബയർ-സെല്ലർ മീറ്റുകൾ സർക്കാർ ചെലവിലാണ് സംഘടിപ്പിക്കുന്നത്. 'ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം' എന്ന പരസ്യവും സർക്കാർ ചെലവിലാണ് നൽകുന്നത്. ഇവയൊക്കെ തുടർന്നും നൽകുന്നതാണ്. കയർഫെഡിന്റെ തെരഞ്ഞെടുക്കപ്പെട്ട ഷോറൂമുകൾക്ക് പുനരുദ്ധാരണത്തിൽ സർക്കാർ പ്രോജക്ട് അധിഷ്ഠിത സഹായം നൽകും. മറ്റു സ്ഥാപനങ്ങൾക്കും ഇതേ രീതിയിലുള്ള സഹായം നൽകുന്നതാണ്. |
| സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ ? | സി) 2015-16 വർഷ കാലയളവിൽ ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ